# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

1 ഡിസംബർ 2019, പുസ്തകം 40, ലക്കം 3


## മലർമൊഴി

ഹിംസകന്റെ രക്ഷകൻ
അവന്റെ ആയുധവും
അഹിംസകന്റേത്
ഈശ്വരനുമാകുന്നു.

-ഗാന്ധിജി

അഹിംസയുടെ ശക്തിയുടെയും മഹത്വത്തിന്റെയും വക്താവും പ്രയോക്താവുമായിരുന്നു മഹാത്മാ ഗാന്ധി. സൂര്യനസ്തമിക്കാത്ത സാമ്രാജ്യവും മഹാ സൈനിക ശക്തിയുമായിരുന്ന ബ്രിട്ടനിൽനിന്ന് അദ്ദേഹം ഇന്ത്യയെ സ്വതന്ത്രമാക്കിയത് അഹിംസാ സമരത്തിലൂടെയാണ്. അഹിംസ ദൗർബല്യമോ നിസ്സഹായാവസ്ഥയോ അല്ല. മറിച്ച്, അപ്രതിരോധ്യശക്തിയുള്ള ധാർമ്മികായുധമാണെന്ന് അദ്ദേഹം ലോകത്തെ പഠിപ്പിച്ചു.


ആയുധങ്ങൾ എതിരാളികളിൽ ശൗര്യവും അക്രമാസക്തിയും ചോരപ്പുഴകളൊഴുക്കാനുള്ള മൃഗീയമായ ആസക്തി വളർത്തുമ്പോൾ അഹിംസ എതിരാളികളുടെ നൈതിക-ധാർമ്മിക മനഃ





Editor **T.K. Ubaid** Executive Editor **P.A. Nazimudeen** • Sub Editor **Mehd Maqbool**
Layout & Graphics **Alikoya** • Technical Support **Fahis Ali**
Cover **Ameen Vengara** • e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 • Manager Tele 0495 2730073 • e-mail managerprabodhanamclt@gmail.com

സാക്ഷിയെയും മനുഷ്യസ്നേഹത്തെയും ഉണർത്തുകയാണ് ചെയ്യുന്നത്. അത് ശത്രുപക്ഷങ്ങളെ സമവായത്തിലേക്കും സമാധാനത്തിലേക്കും നയിക്കുന്നു. നിലനിൽപ്പിന്റെയും വികസനത്തിന്റെയും അടിത്തറയായി അഹിംസയെ അംഗീകരിക്കുമ്പോഴേ ലോകത്ത് സമാധാനം സംജാതമാകൂ. ഈ ഗാന്ധിയൻ പാഠം ആരും നിഷേധിക്കുന്നില്ല.



കഷ്ടം! ആരും പ്രായോഗിക തലത്തിൽ അനുസരിക്കുന്നുമില്ല.

വ്യക്തികളും രാഷ്ട്രങ്ങളുമെല്ലാം ഏറ്റം നല്ല സുരക്ഷാമാർഗവും വികസനോപാധിയുമായി കാണുന്നത് പരസ്പരം ഹിംസിക്കാനുള്ള ആയുധങ്ങളെയും സൈനിക ശക്തിയെയുമാണ്. അന്യന്റെ ആയുധശക്തിയെ തോൽപിക്കാൻ അവന്റേതിനേക്കാൾ മികച്ച ആയുധം സ്വന്തമാക്കാനുള്ള മത്സരത്തിലാണ് എല്ലാവരും.

സുരക്ഷയാണ് എല്ലാവരും ആയുധ നിർമ്മാണത്തിന് പറയുന്ന ന്യായം. യഥാർത്ഥത്തിൽ ആയുധം ആരെയെങ്കിലും രക്ഷിക്കുന്നുണ്ടോ? 'വാളെടുത്തവൻ വാളാൽ' എന്ന ആപ്തവാക്യം അന്വർത്ഥമാക്കുന്നതിലേക്കല്ലേ ലോകം നീങ്ങിക്കൊണ്ടിരിക്കുന്നത്? നാം ജീവിക്കുന്ന ഈ ഭൂമിയെ പലവട്ടം ചുട്ടുപൊട്ടിക്കാൻ വേണ്ട ആയുധങ്ങൾ ഇതിനകം വൻ ശക്തികൾ നിർമ്മിച്ചു കഴിഞ്ഞിരിക്കുന്നു. പ്രശസ്ത ചിന്തകനായ ചേമ്പർലൈൻ പറഞ്ഞു: "ഒരു യുദ്ധത്തിൽ ഏതുപക്ഷം ജയിച്ചു എന്നവകാശപ്പെട്ടാലും ജേതാക്കളാരുമില്ല; തോറ്റവരേയുള്ളൂ.'' വാസ്തവത്തിൽ മർത്യരെ ശത്രുക്കളിൽ നിന്നും വിപത്തുകളിൽ നിന്നും രക്ഷിക്കാൻ കഴിയുന്ന ഒരേയൊരു ശക്തിയേയുള്ളൂ, അത് ഗാന്ധിജി ചൂണ്ടിക്കാട്ടിയ ദൈവമാണ്.

കൈയിൽ ഒരായുധവുമില്ലെങ്കിലും അഹിംസകരെ ദൈവം രക്ഷിക്കും. ഈ ദർശനം പുലർന്നു പ്രകാശിച്ച ഒരു സംഭവം മുഹമ്മദ് നബിയുടെ ജീവിതത്തിൽ കാണാം.

ഒരിക്കൽ പ്രവാചകൻ വിജനമായ മരുഭൂപാതയിലൂടെ ഏകനായി സഞ്ചരിക്കവെ യാത്രാക്ഷീണമകറ്റാൻ വഴിയിൽ കണ്ട ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിച്ചു. അറബികൾ യാത്രചെയ്യുമ്പോൾ ഹിംസ്ര ജന്തുക്കളെയും കൊള്ളക്കാരെയും ചെറുക്കാൻ ഒരു കരവാൾ കരുതാറുണ്ട്. നബി തന്റെ വാൾ മരക്കൊമ്പിൽ തൂക്കിയിട്ട് വിശ്രമിക്കവെ ഉറങ്ങിയപ്പോയി. ഒരു കാൽപെരുമാറ്റം കേട്ട് കണ്ണു തുറന്ന നബി കണ്ടത് തന്റെ വാളെടുത്ത് തന്റെ കഴുത്തിനു നേരെ ഓങ്ങിനിൽക്കുന്ന ഒരു ബദവി (കാട്ടറബി)യെയാണ്. അയാൾ പരിഹാസത്തോടെ നബിയോട് ചോദിച്ചു: "മുഹമ്മദേ, ഇപ്പോൾ ആരാണ് നിന്നെ രക്ഷിക്കുക?'' നബി ഒട്ടും പതറാതെ അക്ഷോഭ്യനായി മറുപടി പറഞ്ഞു: "ദൈവം''!

പ്രവാചകൻ പറഞ്ഞത് പതിഞ്ഞ സ്വരത്തിലാണെങ്കിലും ആത്മവിശ്വാസവും ധൈര്യവും നിറഞ്ഞുതുളുമ്പുന്ന ആ വാക്കുകൾ കാട്ടറബിയുടെ ഹൃദയത്തിൽ പതിച്ചത് ഒരു ഇടിവെട്ടു പോലെയാണ്. അയാൾ സ്തംഭിച്ചു പോയി. കരങ്ങളിൽനിന്ന് വാൾ താഴെ വീണു. നബി സാവകാശം ആ വാൾ കൈയിലെടുത്ത് കാട്ടറബിയോട് ചോദിച്ചു: "ഇപ്പോൾ നിങ്ങളെ ആരാണ് രക്ഷിക്കുക." കുറച്ചു നേരം എന്തു പറയണമെന്നറിയാതെ മിഴിച്ചു നിന്ന അയാൾ പിന്നെ വിറയാർന്ന ശബ്ദത്തിൽ പറഞ്ഞു: "എന്നിൽ നിന്ന് അങ്ങയെ രക്ഷിച്ച ദൈവം തന്നെ അങ്ങയിൽ നിന്ന് എന്നെയും രക്ഷിക്കും. ഞാൻ ആ ദൈവത്തിൽ വിശ്വാസമർപ്പിക്കുന്നു. അങ്ങയെ അവൻ എന്നിലേക്കയച്ച ദൂതനായി കാണുകയും ചെയ്യുന്നു.''

കാട്ടറബിയുടെ മനഃസാക്ഷിയുണർന്നുവെന്നും അതിൽ നിന്ന് ചെകുത്താൻ കുടിയിറങ്ങി ദൈവവിചാരം കുടിയേറിയിരിക്കുന്നുവെന്നും നബി മനസ്സിലാക്കി. ആ വിചാരം ഇനി എന്നും അയാളെ ഹിംസകളിൽ നിന്ന് വിലക്കിക്കൊള്ളും. നബി ഒരു പുഞ്ചിരിയോടെ അയാളെ യാത്രയാക്കി.

● പത്രാധിപർ

▸▸ ഒളിമ്പിക്സിൽ വ്യക്തിഗത സ്വർണമെഡൽ നേടിയ ആദ്യ ഇന്ത്യക്കാരൻ– അഭിനവ് ബിന്ദ്ര